**പതിമൂന്നാം കേരള നിയമസഭ**

**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിട്ട ചോദ്യം നം. *245      11.12.2014-ൽ മറുപടിയ്ക്ക്

# കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്)

| ചോദ്യം | മറുപടി |
|---|---|
| **ശ്രീ. എസ്.രാജേന്ദ്രൻ**<br>**ഡോ.ടി.എം.തോമസ് ഐസക്**<br>**ശ്രീമതി.കെ.കെ.ലതിക** | **ശ്രീ.വി.കെ. ഇബ്രാഹിം കുഞ്ഞ്**<br>(പൊതുമരാമത്ത് വകുപ്പുമന്ത്രി) |
| (എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ കേരള റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി (റിക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ടോ ; ഇല്ലെങ്കിൽ കാരണം വ്യക്തമാക്കാമോ ; | (എ) റോഡ് വികസനത്തിന് സർക്കാർ രൂപം നൽകിയ റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി കേരള ലിമിറ്റഡ് (റിക്ക്) പ്രവർത്തനം ആരംഭിച്ചിട്ടുണ്ട് |
| (ബി) ഈ കമ്പനി മുഖേന സംസ്ഥാനത്ത് എത്ര കോടി രൂപയുടെ റോഡ് വികസന പദ്ധതികളാണ് വിഭാവനം ചെയ്തിരുന്നത് ; | (ബി) റീഹാബിലിറ്റേഷൻ, അപ്ഗ്രഡേഷൻ എന്നീ രണ്ട് പാക്കേജുകളിലായി ഏകദേശം 4148 കോടി രൂപ ചെലവിൽ 1100 ഓളം കി.മീ. റോഡുകളുടെ വികസനമാണ് ഈ കമ്പനി മുഖേന വിഭാവനം ചെയ്തിരിക്കുന്നത്. |
| (സി) സംസ്ഥാനം നേരിടുന്ന സാമ്പത്തിക പ്രതിസന്ധി ഈ കമ്പനിയുടെ പ്രവർത്തനത്തിന് തടസ്സമായിട്ടുണ്ടോ ; ധനകാര്യ വകുപ്പ് ഇതിനുള്ള അനുമതി നിഷേധിച്ചിട്ടുണ്ടോ ;<br>(ഡി) റിക് മുഖേന സംസ്ഥാനത്ത് നടപ്പാക്കാൻ ഉദ്ദേശിച്ചിരുന്ന റോഡ് വികസന പദ്ധതികൾ ഇനി ഏത് സംവിധാനത്തിൻ കീഴിലാണ് പ്രാവർത്തികമാക്കാൻ തീരുമാനിച്ചിട്ടുള്ളതെന്ന് വെളിപ്പെടുത്താമോ ? | (സി) & (ഡി):<br>ടെണ്ടർ നടത്തിയ റീഹാബിലിറ്റേഷൻ പാക്കേജുകൾക്ക് കരാറുകാർ ക്വോട്ട് ചെയ്ത ആന്യൂറ്റി തുക വളരെ കൂടുതലായതിനാൽ പാക്കേജുകൾ ചെറുതാക്കി റീ-ടെണ്ടർ ചെയ്യുവാൻ ധനകാര്യ വകുപ്പ് അഭിപ്രായപ്പെട്ടതനുസരിച്ച് രണ്ട് ഫെയ്സുകളിലായി റീഹാബിലിറ്റേഷൻ പദ്ധതി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. അപ്ഗ്രഡേഷൻ പാക്കേജിലുള്ള റോഡുകളുടെ പ്രോജക്ട് റിപ്പോർട്ട് തയ്യാറാക്കൽ അന്തിമഘട്ടത്തിലാണ്. ഈ പദ്ധതികൾ എല്ലാം റിക്ക് (റോഡ് ഇൻഫ്രാസ്ട്രക്ചർ കമ്പനി) മുഖേന ഘട്ടം ഘട്ടമായി നടപ്പിലാക്കാനാണ് ഉദ്ദേശിക്കുന്നത്. |

**സെക്ഷൻ ഓഫീസർ**